**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ T *446

21.07.2015 ലെ മറുപടിക്ക്

## കേന്ദ്ര ബഡ്ജറ്റ് വിഹിതത്തിലെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര ബഡ്ജറ്റ് വിഹിതം കുറച്ചതിന് എതിരെ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; | എ) കേന്ദ്ര ബഡ്ജറ്റ് 2015-16, കേന്ദ്രാവിഷ്കൃത പദ്ധതികൾ രണ്ട് തരത്തിലുള്ള വെട്ടിക്കുറച്ചിലുകളാണ് വരുത്തിയിട്ടുള്ളത്.<br>1. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഭീമമായ കുറവ്<br>2. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്രത്തിന്റെ വിഹിതത്തിൽ വന്ന കുറവ്.<br>സംസ്ഥാന സർക്കാർ ഇതിനെതിരെ നിലപാടെടുത്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനക്രമീകരണത്തിനായുള്ള, മുഖ്യമന്ത്രിമാരുടെ ഉപസമിതി ഈ റിപ്പോർട്ട് പരിഗണിച്ചിരിക്കുന്നതിനാൽ അന്തിമ റിപ്പോർട്ട് ലഭ്യമായശേഷമേ പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. |
| ബി) ഏതെല്ലാം മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതമാണ് വെട്ടിക്കുറച്ചിട്ടുള്ളത് ; | ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:ക്രമീകരിക്കുന്നതിനുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ താഴെപ്പറയുന്ന മേഖലകളിൽ കേന്ദ്ര വിഹിതത്തിന്റെ ഘടനയിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നു.<br>**മേഖലകൾ** : കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും (ആർ.കെ.വി.വൈ,എൻ.എച്ച്.എം) ഗ്രാമവികസനം(ഐ.എ.വൈ, എൻ.ആർ.എൽ.എം, സ്വച്ഛ് ഭാരത്, ഐ.ഡബ്ലി.എം.പി), ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും (എൻ.ആർ.ഡി.ഡബ്ലിയു.പി, എ.ഐ.ബി.പി), സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകളും (എസ്.എസ്.എ, എം.ഡി.എം,എന്നീ മേഖലകളിലാണ് സാമ്പത്തിക ഘടനയിൽ മാറ്റം വരുത്തിയിട്ടുള്ളത്. |

സി) 'നീതി അയോഗ്' യോഗത്തിൽ ഇതിനെക്കുറിച്ചും കേന്ദ്രാവിഷ്കൃതപദ്ധതികൾ പരിഷ്കരിക്കുന്നതിനെക്കുറിച്ചും എന്തെല്ലാം പ്രശ്നങ്ങളും നിർദ്ദേശങ്ങളുമാണ് ഉന്നയിച്ചിട്ടുള്ളത് ?

സി) സംസ്ഥാന സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളെ "31 അംബ്രല്ലാ" പദ്ധതികൾ ആക്കുന്നതിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു) കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:ക്രമീകരിക്കുന്നതിനുള്ള മുഖ്യമന്ത്രിമാരുടെ ഉപസമിതിയുടെ കരട് റിപ്പോർട്ടിന്മേൽ ചുവടെ പറയുന്ന അഭിപ്രായങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

1. <u>ധനവിനിയോഗം</u>

   14-ാം ധനകാര്യകമ്മീഷൻ ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാനങ്ങൾക്ക കൂടുതൽ സ്വാതന്ത്ര്യം തന്നുവെങ്കിലും കേന്ദ്രബഡ്ജറ്റ് 2015-16-ൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക കുറച്ചതു കാരണം സംസ്ഥാനത്തിന്റെ ഫണ്ട് ലഭ്യത കുറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനരാവിഷ്കരണം സംസ്ഥാനം ആവശ്യപ്പെട്ടു.

2. <u>പദ്ധതികളുടെ എണ്ണം</u>

   പദ്ധതികളുടെ എണ്ണത്തിൽ മാറ്റം വരുത്തിയെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടന സംസ്ഥാനത്തിന് ഉതകുന്ന രീതിയിൽ, സംസ്ഥാനത്തിന് നിലവിലുള്ള സാഹചര്യങ്ങൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിന് ആവശ്യപ്പെട്ടു.

   പ്രധാനപ്പെട്ട ചില കേന്ദ്രാവിഷ്കൃത പദ്ധതികൾക്കെങ്കിലും ആദ്യപടിയായി 2015-16-ൽ രണ്ട് പാദ കാലയളവിലെങ്കിലും ഫ്ലെക്സിബിലിറ്റി ക്രൈറ്റീരിയ നടപ്പാക്കാൻ ആവശ്യപ്പെട്ടു.

3. <u>ദേശീയ വികസന അജണ്ടയും കേന്ദ്രാവിഷ്കൃതപദ്ധതികളും</u>

   ദേശീയ വികസന അജണ്ടയുടെ ഏതെല്ലാം തലങ്ങളാണ് കേന്ദ്രാവിഷ്കൃ പദ്ധതികൾ അഭിമുഖീകരിക്കുന്നത് എന്ന വിഷയത്തിൽ കൂടുതൽ വ്യക്തത വേണം.

4. <u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തരംതിരിവ്</u>

കേന്ദ്രാവിഷ്കൃത പദ്ധതികൾ കോർ (എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കേണ്ടത്) ഓപ്ഷണൽ (സംസ്ഥാന സാഹചര്യങ്ങൾക്ക് അനുസരിച്ച് തെരഞ്ഞെടുക്കാവുന്നവ) എന്ന് തരംതിരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചു. നിലവിലുള്ള 66 കേന്ദ്രാവിഷ്കൃ പദ്ധതികളെ 31 അംബ്രല്ലാ (കോർ ഓഫ് കോർ - 8, കോർ- 19, ഓപ്ഷണൽ - 4) എന്നാക്കുന്നതിലേയ്ക്ക് ആവശ്യപ്പെട്ടു. ഇവയ്ക്ക് നിലവിലുള്ള കേന്ദ്രാവിഷ്കൃ പദ്ധതികൾക്കുള്ള 80 % ഫണ്ട് എങ്കിലും ലഭ്യമാക്കണം.

5. പുതിയ കേന്ദ്രാവിഷ്കൃപദ്ധതികൾ

കേന്ദ്രാവിഷ്കൃ പദ്ധതികളിൽ സമാന പ്രശ്നങ്ങൾ നേരിടുന്ന സംസ്ഥാനങ്ങൾക്ക് (കടൽക്ഷോഭം, സുരക്ഷ, തീവ്രവാദപ്രവർത്തനങ്ങൾ മുതലായവ) ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയവുമായി ആലോചിച്ച് ഐച്ഛിക പദ്ധതികൾ രൂപവൽക്കരിക്കാൻ നീതി ആയോഗ് തയ്യാറാകണം. പുതിയ കേന്ദ്രാവിഷ്കൃ പദ്ധതികൾക്ക് പൂർണ്ണമായും സാമ്പത്തിക സഹായം നൽകണം.

6. <u>സ്റ്റേറ്റ് അലോക്കേഷൻ</u>

2016-17 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പണം അനുവദിക്കുമ്പോൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം.

i) എല്ലാ കേന്ദ്രാവിഷ്കൃതപദ്ധതികൾക്കും ഒരേ ശീർഷകത്തിൽ ഒറ്റത്തവണയായി തുക അനുവദിക്കണം.

ii). ഫോർമുല അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഫണ്ട് തീരുമാനിക്കുക.

iii) . ദേശീയ ലക്ഷ്യങ്ങളുടെയും മുൻഗണനകളുടേയും അടിസ്ഥാനത്തിൽ ഓരോ വർഷവും സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ പദ്ധതി തയ്യാറാക്കാൻ അനുവദിക്കുക.

iv) . സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ നീതി ആയോഗുമായി ആലോചിച്ച് തീരുമാനിക്കുക.

v) . ഉദ്ദേശ്യ ലക്ഷ്യം സാക്ഷാത്കരിക്കുക.

7. പുതിയ കേന്ദ്രാവിഷ്കൃ പദ്ധതികൾക്ക് അനുവദിച്ച നിലവിലുള്ള കേന്ദ്രാവിഷ്കൃപദ്ധതികളിൽ കുറവ് വരുത്താതെ കേന്ദ്രസർക്കാർ സ്വന്തം നിലയിൽ തുക നൽകണം. കേന്ദ്രാവിഷ്കൃ പദ്ധതികളുടെ ഫണ്ട് വിനിയോഗം ഉറപ്പുവരുത്തണം.

8. ഫണ്ടിംഗ് പാറ്റേൺ

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കോർ പദ്ധതികളിലായി നടപ്പിലാക്കുന്നവയ്ക്ക് 75 : 25 എന്നും ഓപ്ഷണൽ പദ്ധതികൾ 50 : 50 എന്ന അനുപാതവും ആക്കണം.

9. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് എസ്.എസ്. എ പദ്ധതിയുടെ കീഴിൽ നല്കുന്ന ശമ്പളാനുപാതം മാറ്റം വരുത്താതെ നൽകണം. ഇത് എൻ.എച്ച്.എം., ആത്മ തുടങ്ങിയ പദ്ധതികൾക്കും ബാധകമാക്കണം. ആയതിൽ "എസ്.എസ്.എ-യുടെ കീഴിൽ" എന്നതു മാറ്റി "നിലവിലുള്ള കേന്ദ്രാവിഷ്കൃ പദ്ധതിയുടെ കീഴിൽ" എന്നാക്കണം.

10. പതിനാലാം ധനകാര്യകമ്മീഷന്റെ സഹായം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതു സംബന്ധിച്ച്

പതിനാലാം ധനകാര്യകമ്മീഷൻ പോലുള്ള ഭരണഘടന അനുശാസിക്കുന്ന സ്ഥാപനങ്ങൾക്ക് നല്കുന്ന സാമ്പത്തിക സഹായങ്ങൾക്ക് ഉപസമിതി മറ്റു നിബന്ധനകൾ കൊണ്ടുവരാൻ പാടില്ല.

11. പദ്ധതി നടത്തിപ്പിന്റെ അവലോകനവും വിലയിരുത്തലും :

സംസ്ഥാനങ്ങളുടെ നിലവിലുള്ള സാഹചര്യങ്ങൾക്ക് അനുസരിച്ച് നടത്തുന്നതിന് അനുവദിക്കണം. ക്യാബിനറ്റ് സെക്രട്ടറിയേറ്റിന്റെ ആർഎഫ്ഡി സംവിധാനത്തിലേയ്ക്ക് കാലക്രമേണ മാറുന്നത് തത്വത്തിൽ അംഗീകരിച്ചു.

12. ഫണ്ട് അനുവദിക്കൽ

കേന്ദ്രാവിഷ്കൃ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നത് "സാമ്പത്തിക ഭദ്രതയുള്ള സംസ്ഥാനങ്ങൾ സ്വന്തം നിലയിൽ ഫണ്ട് അനുവദിക്കാമെന്നത്" തെറ്റിദ്ധാരണാജനകമാകുമെന്നതിനാൽ സംസ്ഥാനങ്ങൾക്ക് താൽപര്യമനുസരിച്ച ഫണ്ട് അനുവദിക്കാമെന്ന രീതിയിൽ മാറ്റണം.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്